ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **രാജ്യം ലോക്സഭാ തിരഞ്ഞെടുപ്പ് ചൂടിൽ ; എൻ ഡി എ യ്ക്ക് വേണ്ടി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനിലും ഉത്തർപ്രദേശിലും എത്തും; കോൺഗ്രസ് പൊതുയോഗം ഇന്ന് രാജസ്ഥാനിൽ.**

   **The country is in the heat of the Lok Sabha elections; Prime Minister Narendra Modi will reach Rajasthan and Uttar Pradesh today on behalf of NDA; Congress Public meeting today in Rajasthan.**

2. **രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ സൂക്ഷ്മ പരിശോധന നടന്നു ; കേരളത്തിൽ ആകെ 204 സ്ഥാനാർത്ഥികൾ ; ജമ്മുകാശ്മീരിൽ സൂക്ഷ്മ പരിശോധന ഇന്ന്.**

   **Scrutiny of the second phase of Lok Sabha elections took place; Total 204 candidates in Kerala; Scrutiny today in Jammu and Kashmir.**

3. **കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.**

   **The final voter list for the Lok Sabha elections in Kerala has been published.**

4. **യുപിഐ ഉപയോഗിച്ച് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി പണം നിക്ഷേപിക്കാൻ ഉടൻ അനുമതി നൽകുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.**

   **The RBI will soon allow to deposit cash through Cash Deposit Machines using UPI. Till now UPI is mainly used for money withdrawal or Money transfer.**

5. **ഗാസയിൽ അടിയന്തര വെടിനിർത്തലിനും ഇസ്രായേലിനുമേൽ ആയുധ ഉപരോധത്തിനുമുള്ള പ്രമേയം ഐക്യരാഷ്ട്ര സഭ അംഗീകരിച്ചു.**

The UN human rights council has adopted a resolution for an immediate ceasefire in Gaza and an arms embargo on Israel.

6. **ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും.**

Rajasthan Royals and Royal Challengers Bangalore will face each other in IPL cricket today.

*****************************************

HEADLINE – 1

## ELECTION GENERAL (INTRO)

രാജ്യം ലോക്സഭാ തിരഞ്ഞെടുപ്പ് ചൂടിൽ. വിവിധ രാഷ്ട്രീയ പാർട്ടികൾ പ്രചാരണം ഊർജിതമാക്കി. ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചരണ രംഗത്ത് സജീവമാണ്. എൻ ഡി എ യ്ക്കുവേണ്ടി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിവിധ സംസ്ഥാനങ്ങളിൽ പ്രചാരണത്തിനെത്തും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മുതിർന്ന നേതാക്കളായ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ രാജസ്ഥാനിൽ നടക്കുന്ന കോൺഗ്രസ് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ഈ മാസം 19 നാണ് രാജ്യത്ത് ആദ്യഘട്ട ലോക്സഭാ വോട്ടെടുപ്പ്. **വിശദാംശങ്ങളിലേയ്ക്ക് .........**

(വോയ്സ്)

*****************************************

## ELECTION GENERAL… V.O

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ പാർട്ടികളുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണവും ശക്തമായി തുടരുന്നു. ബി ജെ പി നേതൃത്വം നല്കുന്ന എൻ ഡി എ യുടെ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിവിധ സംസ്ഥാനങ്ങളിൽ എത്തും. രാവിലെ ഉത്തർപ്രദേശിലെ സഹാറൻപൂരിലും ഉച്ചയ്ക്ക് രാജസ്ഥാനിലെ അജ്മീറിലെ

തെരെഞ്ഞെടുപ്പ് റാലിയിലും പ്രധാനമന്ത്രി പങ്കെടുക്കും. വൈകിട്ട് ഗാസിയാബാദിൽ റോഡ് ഷോയിലും ശ്രീ.മോദി പങ്കെടുക്കും. അതേസമയം, ലോക്സഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രകടനപത്രിക കോൺഗ്രസ് കഴിഞ്ഞ ദിവസം പുറത്തിറക്കി. രാജ്യത്തെ എല്ലാ ദരിദ്ര കുടുംബങ്ങൾക്കും പ്രതിവർഷം ഒരു ലക്ഷം രൂപ, കേന്ദ്രസർക്കാർ ജോലികളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം, വിളകളുടെ താങ്ങുവിലയ്ക്ക് നിയമപരിരക്ഷ,ദേശീയ തലത്തിൽ ജാതി സെൻസസ് തുടങ്ങിയവ പത്രിക ഉറപ്പു നൽകുന്നു. മറ്റ് രാഷ്ട്രീയ പാർട്ടികളും ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമാണ്. **ന്യൂസ് ഡസ്ക്, ആകാശവാണി...**

*******************************************

**HEADLINE – 2**

## SECOND PHASE SCRUITANY

രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇന്നലെ നടന്നു. കേരളത്തിൽ 86 പേരുടെ പത്രിക തള്ളി. നിലവിൽ 204 സ്ഥാനാർത്ഥികളാണ് സംസ്ഥാനത്ത് മത്സര രംഗത്തുള്ളത്. രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന ജമ്മുകശ്മീരിൽ ഇന്നാണ് സൂക്ഷ്മപരിശോധന. കേരളത്തിലെ 20 സീറ്റുകൾ അടക്കം 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളാണ് ഈ മാസം 26 ന് രണ്ടാംഘട്ടത്തിൽ ജനവിധി എഴുതുക.

*******************************************

**HEADLINE – 3**

## FINAL VOTERS LIST

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള കേരളത്തിലെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാരാണ് അന്തിമ വോട്ടർ പട്ടികയിൽ ഇടം

നേടിയതെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ജനുവരി 22 ന് പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിൽ നിന്ന് ആറ് ലക്ഷത്തി 49,833 വോട്ടർമാരുടെ വർധനവുണ്ട്. പട്ടികയിൽ അഞ്ച് ലക്ഷത്തി 34,394 പേർ കന്നിവോട്ടർമാരാണ്. സ്ത്രീ വോട്ടർമാരാണ് സംസ്ഥാനത്ത് കൂടുതൽ. സ്ത്രീ - പുരുഷ അനുപാതം 1000 : 1068 ആണ്. മലപ്പുറമാണ് ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ജില്ല. കുറവ് വോട്ടർമാരുള്ള ജില്ല വയനാട്. കൂടുതൽ ട്രാൻസ്ജൻഡർമാരുള്ള ജില്ല തിരുവനന്തപുരവുമാണ്.

*******************************************

## KERALA CAMPAIGN

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുന്നു. എൽ ഡി എഫിനായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും നാളെയും ആലപ്പുഴയിൽ പ്രചാരണത്തിൽ പങ്കെടുക്കും. അതിനിടെ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായുടെ കേരളസന്ദർശനം മാറ്റിവച്ചു. തിരുവനന്തപുരം മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ പ്രചാരണത്തിനായി ശ്രീ. അമിത്ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തുമെന്ന് നേരത്തെ അറിയിച്ചിരുന്നു. കോൺഗ്രസ് നേതാക്കളും പ്രചാരണത്തിൽ സജീവമാണ്.

*******************************************

## ECI-FAKE MESSAGE

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ നഷ്ടപ്പെട്ടതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന സന്ദേശങ്ങൾ വ്യാജമാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇവിഎമ്മുകളൊന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും ആധികാരികമായ വിവരങ്ങൾക്ക് ജനങ്ങൾക്ക് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാമെന്നും കമ്മീഷൻ വ്യക്തമാക്കി.

********************************************

## MANIPUR-ELECTION

ലോക്സഭാ തിരഞ്ഞെടുപ്പിൽ മണിപ്പൂരിൽ പരമാവധി വോട്ടർമാരുടെ പങ്കാളിത്തത്തിനായി വിവിധ നടപടികളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. സംഘർഷത്തെത്തുടർന്ന് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വോട്ടുചെയ്യാൻ മണിപ്പൂരിലുടനീളം 94 പ്രത്യേക പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കമ്മീഷൻ തീരുമാനിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിലെ അന്തേവാസികൾക്ക് വോട്ട് ചെയ്യുന്നതിനായി എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും തിരിച്ചറിയൽ രേഖകൾ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വിതരണം ചെയ്തിട്ടുണ്ട്.

********************************************

**HEADLINE –4**

## RBI – UPI

യുപിഐ ഉപയോഗിച്ച് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി പണം നിക്ഷേപിക്കാൻ ഉടൻ അനുമതി നൽകുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. നിലവിൽ പ്രധാനമായും പണം പിൻവലിക്കലിനോ പണം കൈമാറ്റത്തിനോ ആണ് യുപിഐ ഉപയോഗിച്ച് വരുന്നത്. പുതിയ നടപടി, ഉപഭോക്തൃ സൗകര്യം വർദ്ധിപ്പിക്കുമെന്നും ബാങ്കുകളിലെ കറൻസി കൈകാര്യം ചെയ്യുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുമെന്നും ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. പ്രീപെയ്ഡ് പേയ്മെന്റ് ഉപകരണങ്ങളിൽ നിന്ന് യുപിഐ പേയ്മെന്റുകൾ നടത്തുന്നതിന് തേർഡ്-പാർട്ടി യുപിഐ ആപ്പുകളുടെ ഉപയോഗം അനുവദിക്കാനും ആർ.ബി.ഐ നിർദ്ദേശിച്ചിട്ടുണ്ട്.

********************************************

## CBSE

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി മൂല്യനിർണ്ണയത്തിലും വിലയിരുത്തലിലും മാറ്റങ്ങൾ അവതരിപ്പിച്ച് സി ബി എസ് ഇ. പരീക്ഷകളിൽ കഴിവ് അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് ഇനി കൂടുതൽ പ്രാധാന്യം നൽകും . പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 11, 12 ക്ലാസുകളിലെ എല്ലാത്തരം ചോദ്യങ്ങളിലും കഴിവ് അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ 40 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തി. എന്നാൽ , 2024-25 അധ്യയന വർഷത്തിൽ 9, 10 ക്ലാസുകളിലെ വർഷാവസാന പരീക്ഷയുടെ ചോദ്യപേപ്പറുകളുടെ ഘടനയിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

*************************************

## VACCATION CLASS

കേരളത്തിൽ സിബിഎസ്ഇ , ഐസിഎസ്ഇ സ്കൂളുകൾക്ക് വെക്കേഷൻ ക്ലാസ് നടത്താൻ ഹൈക്കോടതി ഉപാധികളോടെ അനുമതി നൽകി. രാവിലെ 7.30 മുതൽ 10. 30 വരെ വെക്കേഷൻ ക്ലാസുകൾ നടത്താൻ അനുവദിച്ചുകൊണ്ട് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് അബ്ദുൽ ഹക്കീം എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. ഗവൺമെൻറ് സ്കൂളുകളിൽ വെക്കേഷൻ ക്ലാസുകൾ ആവശ്യമെങ്കിൽ പ്രത്യേക ഉത്തരവ് ഇറക്കി ക്ലാസുകൾ നടത്താമെന്നും ഹൈക്കോടതി വ്യക്തമാക്കി.

*************************************

## KANNUR BOMB

കണ്ണൂർ പാനൂരിനടുത്തുണ്ടായ ബോംബ് സ്ഫോടനത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. കൂത്തുപറമ്പ് എ.സി.പി. കെ.വി. വേണുഗോപാലിന്റെ നേതൃത്വത്തിലുള്ള

സംഘമാണ് അന്വേഷിക്കുക. സ്ഫോടനത്തിൽ ഒരാൾ മരിക്കുകയും മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

*****************************************

## KSRTC -BUDGET TOURISM

കെഎസ്ആർടിസി ബജറ്റ് ടൂറിസം ഒരുക്കുന്ന അവധിക്കാല ട്രിപ്പുകൾക്ക് ഇന്ന് തുടക്കമാകും. കേരളത്തിലെ വിവിധ ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് പുറമേ ബോട്ടിങ്ങും കപ്പൽ യാത്രയും താമസവും ഉൾപ്പെടെയാണ് പാക്കേജ്. ദൂരവും സമയവും കണക്കാക്കി ട്രിപ്പുകൾക്ക് 450 രൂപ മുതൽ 1,830 രൂപ വരെയാണ് ചാർജ്ജ്. ഒരുമിച്ച് ബുക്ക് ചെയ്യുന്ന റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ, സ്കൂൾ - കോളേജ് തുടങ്ങി സംഘങ്ങളായി വരുന്നവർക്ക് സൗകര്യപ്രദമായ ദിവസങ്ങളിൽ യാത്ര ചാർട്ട് ചെയ്യുമെന്നും അധികൃതർ പറഞ്ഞു.

*****************************************

**HEADLINE – 5**

## GAZA-UN RESOLUTION

ഗാസയിൽ അടിയന്തര വെടിനിർത്തലിനും ഇസ്രായേലിനുമേൽ ആയുധ ഉപരോധത്തിനുമുള്ള പ്രമേയം ഐക്യരാഷ്ട്ര സഭ മനുഷ്യാവകാശ കൗൺസിൽ അംഗീകരിച്ചു. ഗാസയിൽ നടന്നേക്കാവുന്ന യുദ്ധക്കുറ്റങ്ങൾക്കും മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾക്കും ഇസ്രായേലിനെ ഉത്തരവാദിയാക്കണമെന്നും പ്രമേയം ആവശ്യപ്പെട്ടു. അമേരിക്കൻ സമ്മർദ്ദത്തിനു വഴങ്ങി ഇസ്രായേൽ ഗാസയിലേക്ക് പുതിയ ഭക്ഷ്യ ഇടനാഴികൾ തുറന്നിരുന്നു. ഇരുപത്തിയെട്ട് രാജ്യങ്ങൾ പ്രമേയത്തെ അനുകൂലിച്ചു. ഇന്ത്യ ഉൾപ്പെടെ 13 രാജ്യങ്ങൾ വിട്ടുനിന്നു. യുഎസും ജർമ്മനിയും ഉൾപ്പെടെ ആറ് രാജ്യങ്ങൾ പ്രമേയത്തെ

എതിർത്തു. ഗാസയിലെ മനുഷ്യാവകാശ ലംഘനങ്ങളുടെയും അന്താരാഷ്ട്ര നിയമങ്ങളുടെയും ലംഘനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളിൽ പ്രമേയം കടുത്ത ആശങ്ക രേഖപ്പെടുത്തി.

*****************************************************

## US EARTHQUAKE

അമേരിക്കയിൽ വിവിധ സ്ഥലങ്ങളിൽ ഇന്നലെ ഭൂചലനം അനുഭവപ്പെട്ടു. പ്രാദേശിക സമയം രാവിലെ 10.23 നാണ് ന്യൂയോർക്ക് സിറ്റി, ഫിലാഡൽഫിയ, വാഷിംഗ്ടൺ ഡിസി എന്നിവിടങ്ങളിൽ ഭൂചലനമുണ്ടായത്. 4.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായമോ നാശനഷ്ടമോ ഇല്ലെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ. 50 വർഷത്തിനിടെ വടക്കുകിഴക്കൻ മേഖലയിലുണ്ടായ ഏറ്റവും ശക്തമായ മൂന്നാമത്തെ ഭൂകമ്പമാണിത്.

*****************************************************

HEADLINE – 6

## IPL

ഐപിഎല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ സൺറൈസേഴ്സ് ഹൈദരാബാദിന് ജയം. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് 6 വിക്കറ്റിനാണ് ചെന്നൈയെ പരാജയപ്പെടുത്തിയത്. 166 റൺസ് വിജയലക്ഷ്യം പിന്തുടർന്ന സൺറൈസേഴ്സ് ഹൈദരാബാദ് 6 വിക്കറ്റും 11 പന്തും ശേഷിക്കെ ലക്ഷ്യത്തിലെത്തി. ഐപിഎല്ലിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും. വൈകിട്ട് 7.30ന് ജയ്പൂരിലാണ് മത്സരം.

*****************************************************

## Heat Wave

രാജ്യത്തിന്റെ കിഴക്കൻ, തീര മേഖലകളിൽ നാളെ വരെ ഉഷ്ണ തരംഗ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡീഷ, പശ്ചിമ ബംഗാൾ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, കർണാടക, ആന്ധ്രാപ്രദേശ്, പുതുച്ചേരി, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ ചില ഭാഗങ്ങളിലാണ് ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യത ഉള്ളത്.

******************************************

## WEATHER KERALA

കേരളത്തിൽ ചൂട് കൂടുന്നു. കൊല്ലം, പാലക്കാട് ജില്ലകളിൽ ഇന്ന് താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. 11 ജില്ലകളിൽ ഈ മാസം 9 വരെ മഞ്ഞ ജാഗ്രത തുടരും. കൊല്ലം, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, പത്തനതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ, എറണാകുളം , മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രത നിർദേശമുള്ളത്.

**************************************************************************************************************************

***********************************